**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - സർക്കാർ പ്രവർത്തികൾക്കായി പ്ലെഡ്ജ് ചെയ്തിട്ടുള്ള ട്രഷറി സ്ഥിരനിക്ഷേപങ്ങൾ കരാർ നിബന്ധനകളിൽ വീഴ്ച വരുത്തുന്ന പക്ഷം കണ്ടുകെട്ടുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(അച്ചടി)നം. 29/2024/ധന.,** **തീയതി, തിരുവനന്തപുരം, 20/04/2023**

---

പരാമർശം:- ട്രഷറി ഡയറക്ടറുടെ 29/09/2023 തീയതിയിലെ TRY/3826/2023-F3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സർക്കാരിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കരാറുകാരൻ ട്രഷറിയിൽ സ്ഥിരനിക്ഷേപം തുടങ്ങുകയും ആയത് കരാർ അനുവദിച്ച് നൽകുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് പ്ലെഡ്ജ് ചെയ്യേണ്ടതുമുണ്ടെന്നും സ്ഥിരനിക്ഷേപം പ്ലെഡ്ജ് ചെയ്ത ശേഷം നിർദ്ദിഷ്ട കരാറുമായി ബന്ധപ്പെട്ട് പ്ലെഡ്ജി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളോ നിബന്ധനകളോ കരാറുകാരൻ പാലിക്കാതെ വരികയാണെങ്കിൽ, കരാർ അനുവദിച്ച് നൽകുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് പ്ലെഡ്ജ് ചെയ്യുന്ന ട്രഷറി സ്ഥിരനിക്ഷേപം കണ്ടുകെട്ടുന്നത് സംബന്ധിച്ച് ട്രഷറി ചട്ടത്തിൽ പരാമർശമുള്ളതായി കാണുന്നില്ലെന്നും പ്ലെഡ്ജി ആവശ്യപ്പെടുന്ന ശീർഷകങ്ങളിലേയ്ക്കോ അക്കൗണ്ടുകളിലേയ്ക്കോ സ്ഥിരനിക്ഷേപം കണ്ടുകെട്ടുന്നതിന് അനുമതി നല്കണമെന്നുമുള്ള ശിപാർശ പരാമർശത്തിലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കരാറുമായി ബന്ധപ്പെട്ട് പ്ലെഡ്ജി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളോ നിബന്ധനകളോ കരാറുകാരൻ പാലിക്കാതെ വരികയാണെങ്കിൽ, സർക്കാരിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് കരാറുകാരൻ കരാർ അനുവദിച്ച് നൽകുന്ന ഉദ്യോഗസ്ഥന്റെ പേർക്ക് പ്ലെഡ്ജ് ചെയ്യുന്ന ട്രഷറി സ്ഥിരനിക്ഷേപം പ്ലെഡ്ജി ആവശ്യപ്പെടുന്ന ശീർഷകങ്ങളിലേയ്ക്കോ അക്കൗണ്ടുകളിലേയ്ക്കോ കണ്ടുകെട്ടുന്നതിന് അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കേരള ട്രഷറി കോഡിൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുരേഷ് കുമാർ ഒ. ബി.,**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖാന്തിരം).
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (E 2577257).

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.